പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 300 — 30.11.2015-ൽ മറുപടിക്ക്.

## അനധികൃത ഫ്ളാറ്റ് സമുച്ചയങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ. കെ.ദാസൻ<br>ശ്രീ. കെ.കെ.നാരായണൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സുരക്ഷാ മാനദണ്ഡങ്ങളും കെട്ടിട നിർമ്മാണ ചട്ടങ്ങളും പാലിക്കാതെ സംസ്ഥാനത്ത് അനധികൃത ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കപ്പെടുന്നത് ഫയർ ഫോഴ്സിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ലഭിക്കുന്ന എൻ.ഒ.സി അപേക്ഷകളിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ, പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് എൻ.ഒ.സി നൽകി വരുന്നു. അനധികൃത നിർമ്മാണം നടത്തുന്നതായി ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്താറുണ്ട്. |
| (ബി) അനധികൃത കെട്ടിട നിർമ്മാണങ്ങൾ നിയന്ത്രിക്കാതെ അത്തരം നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്ത് കൊടുക്കുന്നത് പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (ബി) അനധികൃത കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് അധികാരമില്ല. |
| (സി) മാനദണ്ഡങ്ങളോ ചട്ടങ്ങളോ പാലിക്കാതെ സംസ്ഥാനത്ത് എത്ര ഫ്ളാറ്റുകൾ നിർമ്മിച്ചിട്ടുള്ളതായി ഫയർ ഫോഴ്സിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതിനെതിരെ ഫയർഫോഴ്സ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | : (സി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ എൻ.ഒ.സി ലഭിക്കുന്നതിനുള്ള 46 അപേക്ഷകൾ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ താൽക്കാലികമായി നിരസിച്ചിരുന്നു. ഇക്കാര്യത്തിൽ വിശദീകരണം ലഭിച്ച അപേക്ഷകളിൽ പുന:പരിശോധന നടത്തി വരുന്നു. |
| (ഡി) അനധികൃത ഫ്ളാറ്റ് നിർമ്മാണങ്ങളുടെ സാഹചര്യത്തിൽ സർക്കാർ ഫ്ളാറ്റ് ഉടമകളുടെ യോഗം വിളിച്ച് ചേർക്കുകയുണ്ടായോ; അതിന്റെ വിശദാംശം അറിയിക്കുമോ; | : (ഡി) അനധികൃത ഫ്ളാറ്റ് നിർമ്മാണങ്ങളുടെ സാഹചര്യത്തിൽ സർക്കാർ ഫ്ളാറ്റ് ഉടമകളുടെ യോഗം വിളിച്ചു ചേർത്തിട്ടില്ല. |
| (ഇ) സുരക്ഷാ മാനദണ്ഡങ്ങളുടെ കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ; ഇക്കാര്യത്തിൽ ഫയർ ഫോഴ്സ് മേധാവിയായിരുന്ന ജേക്കബ് തോമസുമായി സർക്കാരിനുണ്ടായിരുന്ന വിയോജിപ്പുകൾ വിശദമാക്കാമോ; പ്രശ്നത്തിൽ സർക്കാർ കൈക്കൊണ്ട അന്തിമ തീരുമാനം വിശദമാക്കാമോ? | : (ഇ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് എൻ.ഒ.സി നല്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഡോ. ജേക്കബ് തോമസുമായി വിയോജിപ്പുകൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ